REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 07-10-2025 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ഇന്ന് രാജ്യസഭയിലെ കക്ഷിനേതാക്കളുമായി കൂടിക്കാഴ്ച നടത്തും.**
- **സംസ്ഥാനത്ത് കുട്ടികളിലെ ചുമ മരുന്ന് ഉപയോഗം പഠിക്കാൻ നിയോഗിച്ച മൂന്നംഗ വിദഗ്ധ സമിതി ആരോഗ്യ വകുപ്പിന് അടിയന്തര റിപ്പോർട്ട് കൈമാറി.**
- **തിരുവനന്തപുരത്ത് ഗ്ലോബൽ മൊബിലിറ്റി കോൺക്ലേവ് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാന ജൈവ വൈവിധ്യ സംരക്ഷണ പുരസ്കാരങ്ങൾ ഇന്ന് വിതരണം ചെയ്യും.**
- **വനിതാ ലോകകപ്പ് ഏകദിന ക്രിക്കറ്റിൽ ദക്ഷിണാഫ്രിക്ക ന്യൂസിലാന്റിനെ ആറ് വിക്കറ്റിന് തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ഇന്ന് രാജ്യസഭയിലെ കക്ഷിനേതാക്കളുമായി കൂടിക്കാഴ്ച നടത്തും. രാജ്യസഭാ ചെയർമാൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ ഔപചാരിക കൂടിക്കാഴ്ചയാണിത്. അടുത്ത മാസം ആരംഭിക്കുന്ന പാർലമെന്റ് ശീതകാല സമ്മേളനത്തിന് മുന്നോടിയായാണ് ഉപരാഷ്ട്രപതി കക്ഷിനേതാക്കളെ കാണുന്നത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ നാളെ ഇന്ത്യ മൊബൈൽ കോൺഗ്രസ് 2025 ഉദ്ഘാടനം ചെയ്യും. ടെലകോം സാങ്കേതിക മേഖലയിൽ ഏഷ്യയിലെ ഏറ്റവും വലിയ പരിപാടിയാണിത്. നാല് ദിവസത്തെ പരിപാടി യശോ ഭൂമി കൺവെൻഷൻ സെന്ററിലാണ് സംഘടിപ്പിക്കുന്നത്.

✪✪✪

ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുന്നതിൽ വിദ്യാഭ്യാസം നിർണായക പങ്ക് വഹിക്കുന്നുണ്ടെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു.

ഡെസ്ക് റിപ്പോർട്ട്....

......വോയ്സ്....

ന്യൂഡൽഹിയിൽ 20-ാമത് FICCI ഉന്നത വിദ്യാഭ്യാസ ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു ഗഡ്കരി. ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ് വ്യവസ്ഥയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് രാജ്യത്തെ വിദ്യാഭ്യാസമേഖലയെ ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ദേശീയ ആവശ്യങ്ങളുമായി ഗവേഷണത്തെ സമന്വയിപ്പിക്കാനും, തൊഴിലവസര സൃഷ്ടിയെയും സുസ്ഥിര സാമ്പത്തിക വളർച്ചയെയും പിന്തുണയ്ക്കുന്ന, നവീകരണത്തെ പ്രോത്സാഹിപ്പിക്കാനും ഗഡ്കരി സർവകലാശാലകളോട് ആവശ്യപ്പെട്ടു.

✪✪✪

സുപ്രീം കോടതിയിൽ ചീഫ് ജസ്റ്റിസ് BR ഗവായിക്ക് നേരെയുണ്ടായ ആക്രമണ ശ്രമം ഇന്ത്യൻ ജനതയെ രോഷാകുലരാക്കിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഇന്നലെ പ്രധാനമന്ത്രി, ചീഫ് ജസ്റ്റിസുമായി വിഷയം സംസാരിച്ചു.സമൂഹത്തിൽ ഇത്തരം നിന്ദ്യമായ പ്രവൃത്തികൾക്ക് സ്ഥാനമില്ലെന്നും അത് അങ്ങേയറ്റം അപലപനീയമാണെന്നും മോദി സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

സുപ്രീം കോടതിയിൽ ചീഫ് ജസ്റ്റിസ് BR ഗവായിക്കെതിരെ ഉണ്ടായ ആക്രമണ ശ്രമത്തെ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ അപലപിച്ചു. ജുഡീഷ്യറിയുടെ അന്തസ്സിനും നിയമവാഴ്ചയ്ക്കും നേരെയുണ്ടായ ആക്രമണമാണിതെന്ന് ഖാർഗെ സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

സംസ്ഥാനത്തെ കുട്ടികളിലെ ചുമ മരുന്ന് ഉപയോഗം സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച മൂന്നംഗ വിദഗ്ധ സമിതി ആരോഗ്യ വകുപ്പിന് അടിയന്തര റിപ്പോർട്ട് കൈമാറി. സംസ്ഥാന ഡ്രഗ്സ് കൺട്രോളർ, ചൈൽഡ് ഹെൽത്ത് നോഡൽ ഓഫീസർ, ഇന്ത്യൻ പീഡിയാട്രിക്സ് അക്കാദമി സംസ്ഥാന പ്രസിഡന്റ് എന്നിവരാണ് സമിതി അംഗങ്ങൾ. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചുമ മരുന്നുകളുടെ ഉപയോഗം സംബന്ധിച്ച് സംസ്ഥാനം പ്രത്യേകം മാർഗരേഖ പുറത്തിറക്കും. മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗമാണ് വിദഗ്ധ സമിതി രൂപീകരിച്ചത്.

✪✪✪

തിരുവനന്തപുരത്ത് ഗ്ലോബൽ മൊബിലിറ്റി കോൺക്ലേവ് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. വിദേശ തൊഴിൽ , കുടിയേറ്റ നടപടികളിൽ സുതാര്യതയും സുരക്ഷയും ഉറപ്പാക്കാൻ വിദേശകാര്യ മന്ത്രാലയത്തിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സും, നോർക്കയും ചേർന്നാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഓവർസീസ് ഇന്ത്യൻ അഫയേഴ്സ് സെക്രട്ടറി അരുൺ കുമാർ ചാറ്റർജി കോൺക്ലേവിനെ അഭിസംബോധന ചെയ്യും. വ്യാജ റിക്രൂട്ടിംഗ് ഏജൻസികളുടെ വഞ്ചനയും പരാതി പരിഹാര സംവിധാനങ്ങളും കോൺക്ലേവ് ചർച്ച ചെയ്യും.

✪✪✪

സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ ജൈവ വൈവിധ്യ സംരക്ഷണ പുരസ്കാരങ്ങൾ ഇന്ന് തിരുവനന്തപുരത്ത് വിതരണം ചെയ്യും. നിയമസഭാ മന്ദിരത്തിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ചടങ്ങ് ഉദ്ഘാടനം ചെയ്യും.

കേരള ജൈവ വൈവിദ്ധ്യ പരിപാലന കർമ്മ പദ്ധതി ബോർഡിന്റെ 20 വർഷത്തെ പ്രവർത്തന റിപ്പോർട്ടും ചടങ്ങിൽ ഔദ്യോഗികമായി പ്രകാശം ചെയ്യും.

✪✪✪

മലബാർ മേഖലയിലെ ജില്ലകളിൽ നികുതി കെട്ടാത്ത ഭൂമിയെ സംബന്ധിച്ച പ്രശ്നം പരിഹരിച്ച് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചതായി മന്ത്രി K രാജൻ അറിയിച്ചു. 1961-ലെ കേരള ലാൻഡ് ടാക്സ് ആക്ടിന്റെ അടിസ്ഥാനത്തിലാ യിരിക്കണം നടപടിയെന്ന ലോ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഇതു സംബന്ധിച്ച ഓർഡിനൻസ് പുറപ്പെടുവിച്ചതെന്ന് മന്ത്രി വിശദീകരിച്ചു.

✪✪✪

തിരുവിതാംകൂർ ദേവസ്വം ബോർഡ് യോഗം ഇന്ന് തിരുവനന്തപുരത്ത് ആരംഭിക്കും. രണ്ടുദിവസത്തെ യോഗത്തിൽ രാഷ്ട്രപതിയുടെ ശബരിമല സന്ദർശനം, മണ്ഡലകാല മുന്നൊരുക്കങ്ങൾ ഉൾപ്പെടെ വിഷയങ്ങൾ ചർച്ച ചെയ്യും. ശബരിമല സ്വർണ്ണ പാളി വിഷയവും ചർച്ചയാകും.

✪✪✪

എയർ ഇന്ത്യ വിമാനങ്ങളുടെ വിന്റർ ഷെഡ്യൂളിൽ കേരളത്തിന്റെ സർവീസുകൾ കുറച്ചത് താൽകാലിക നടപടി മാത്രമാണെന്നും എല്ലാ സർവീസുകളും വൈകാതെ തന്നെ പുനഃസ്ഥാപിക്കുമെന്നും എയർ ഇന്ത്യ എക്സ്പ്രസ് അറിയിച്ചു. മുഖ്യമന്ത്രി പിണറായി വിജയനുമായി തിരുവനന്തപുരത്ത് കൂടിക്കാഴ്ചയിലാണ് അവർ ഇക്കാര്യം വ്യക്തമാക്കിയത്. തണുപ്പുകാലത്ത് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ യാത്രക്കാരുടെ എണ്ണം കൂടുന്നതുകൊണ്ടാണ് കൂടുതൽ സർവീസുകൾ അവിടേക്ക് മാറ്റിയതെന്ന് എയർ ഇന്ത്യ ഉദ്യോഗസ്ഥർ അറിയിച്ചു.

✪✪✪

കാസർകോട് ജില്ലയിലെ ആദ്യ ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളജ് ചെറുവത്തൂരിലെ ഗവൺമെന്റ് ടെക്നിക്കൽ സ്കൂൾ വളപ്പിൽ സ്ഥാപിക്കാൻ നടപടി ക്രമങ്ങൾ ആരംഭിച്ചതായി മന്ത്രി ഡോ. ആർ ബിന്ദു അറിയിച്ചു. കണ്ണൂർ എഞ്ചിനിയറിംഗ് കോളജ് പ്രിൻസിപ്പലിനെ നോഡൽ ഓഫീസറായി നിയമിക്കാൻ തീരുമാനിച്ചതായും മന്ത്രി കാസർകോട്ട് പറഞ്ഞു.

✪✪✪

വനിതാ ലോകകപ്പ് ഏകദിന ക്രിക്കറ്റിൽ ദക്ഷിണാഫ്രിക്ക ന്യൂസിലാന്റിനെ ആറ് വിക്കറ്റിന് തോൽപ്പിച്ചു. ഇൻഡോറിൽ 232 റൺസ് വിജയലക്ഷ്യവുമായി ക്രീസിലിറങ്ങിയ ദക്ഷിണാഫ്രിക്ക 40.5 ഓവറിൽ നാല് വിക്കറ്റിന് 234 റൺസെടുത്തു. നേരത്തെ ന്യൂസിലാന്റ് 47.5 ഓവറിൽ 231റൺസിന് എല്ലാവരും പുറത്തായിരുന്നു.

ഇന്ന് ഉച്ച കഴിഞ്ഞ് മൂന്നിന് ഗുവാഹത്തിയിൽ ഇംഗ്ലണ്ട്, ബംഗ്ലാദേശിനെ നേരിടും.

✪✪✪

ജമ്മു കശ്മീരിലെ ശ്രീനഗറിൽ, 69-ാമത് ദേശീയ സ്കൂൾ ഗെയിംസിന് തുടക്കമായി. ജമ്മുകശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുല്ല TRC ഫുട്ബോൾ ഗ്രൗണ്ടിൽ ഗെയിംസ് ഔപചാരികമായി ഉദ്ഘാടനം ചെയ്തു.

✪✪✪

സംസ്ഥാന ബാസ്ക്കറ്റ്ബോൾ ചാമ്പ്യൻഷിപ്പ് ഇന്ന് തൃശ്ശൂർ കുന്ദംകുളത്ത് ആരംഭിക്കും. ലീഗ് കം നോക്കൗട്ട് ടൂർണമെന്റിൽ പുരുഷ വിഭാഗത്തിൽ 14 ടീമും, വനിതാ വിഭാഗത്തിൽ 12 ടീമും പങ്കെടുക്കും.

✪✪✪

തിരുവനന്തപുരം മുതലപ്പൊഴി അഴിമുഖത്തെ മണൽനീക്കം പൂർണതോതിൽ പുനരാരംഭിച്ചു. കണ്ണൂർ അഴീക്കലിൽ നിന്നെത്തിച്ച ചന്ദ്രഗിരി എന്ന ഡ്രഡ്ജർ കേടുപാട് തീർത്താണ് പ്രവർത്തനം ആരംഭിച്ചത്. അഞ്ച് മീറ്റർ ആഴത്തിലാണ് മണൽ നീക്കം ചെയ്യുന്നത്. ഈ മണൽ താഴമ്പള്ളി ഭാഗത്തെ ബണ്ടിനുള്ളിലാണ് നിക്ഷേപിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് നാളെ മുതൽ മഴ വീണ്ടും ശക്തി പ്രാപിക്കുമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശനിയാഴ്ച വരെ ചില ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയുണ്ടാകുമെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

അപകടത്തെ തുടർന്ന് ഓർമ്മ നഷ്ടപ്പെടുകയും ശാരീരിക പ്രശ്നങ്ങൾ നേരിടുകയും ചെയ്ത രാജേഷ് തളിപ്പൊയിലിന്റെ ചിത്രപ്രദർശനം ‘അതിജീവനം വരജീവനം’ കണ്ണൂർ കതിരൂർ ആർട്ട് ഗ്യാലറിയിൽ ഏറെ ശ്രദ്ധേയമാകുന്നു.

കണ്ണൂരിൽ നിന്ന് KO ശശിധരൻ ......

........വോയ്സ്.......

26 വർഷം മുൻപ് കോയമ്പത്തൂരിൽ വാഹനാപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് ഓർമ്മശക്തിയും വർണ്ണങ്ങളും നഷ്ടപ്പെട്ട മുഴക്കുന്ന് സ്വദേശിയായ രാജേഷിന്റെ തിരിച്ചുവരവിന്റെ നേർ സാക്ഷ്യമാണ് അതിജീവനം വരജീവനം.

ഓരോ ചിത്രങ്ങളുടെയും രൂപഘടനയിലും നിറക്കൂട്ടിലും ആ തിരിച്ചുവരവ് ദൃശ്യമാണ്. ഓർമ്മകളെ തിരിച്ചുപിടിച്ച് ചുറ്റുപാടിനെ നിരീക്ഷിച്ച് പഠിച്ചെടുത്ത് അത് ക്യാൻവാസിൽ വരച്ചു തീർക്കുകയായിരുന്നു രാജേഷ്. 70ലേറെ ചിത്രങ്ങൾ ഗാലറിയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്

ജീവിതത്തെ പൂർവാധികം ശക്തിയോടെ തിരികെ കൊണ്ടുവരാനുള്ള ശ്രമം വിജയിക്കുന്ന കാഴ്ച കൂടിയാണ് ആർട്ട് ഗാലറിയിൽ നമുക്ക് കാണാനാവുക.

ചിത്രകാരൻ കെ കെ മാരാർ പ്രദർശനം ഉദ്ഘാടനം ചെയ്തു. ഈ മാസം 11 വരെയാണ് പ്രദർശനം

✪✪✪

കോഴിക്കോട്ട് ഇന്നലെ അന്തരിച്ച നാടക നടൻ വിജയൻ മലാപ്പറമ്പിന്റെ സംസ്കാരം ഉച്ചക്ക് മാവൂർ റോഡ് ശ്മശാനത്തിൽ നടത്തും. കേരള സംഗീത നാടക അക്കാദമി അവാർഡ് ജേതാവും ആകാശവാണി നാടക കലാകാരനുമായിരുന്നു വിജയൻ മലാപ്പറമ്പ്.

✪✪✪

റേഷൻ കടകളിലെ E- പോസ് യന്ത്രത്തിന്റെ തകരാർ മൂലം റേഷൻ വിതരണം മുടങ്ങുന്ന സംഭവങ്ങൾ ആവർത്തിക്കരുതെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഉപഭോക്തൃകാര്യ കമ്മീഷണർക്ക് നിർദേശം നൽകി. പൊതുവിതരണ വകുപ്പിന്റെ സെർവർ പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിച്ചിട്ടുണ്ടെന്നും E-പോസ് മിഷനുകളുടെ ശേഷി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും കമ്മീഷണർ അറിയിച്ചു.

✪✪✪

ഇടുക്കി ജില്ലയിലെ ആദ്യ വികസന സദസ് രാവിലെ ആലക്കോട് ഗ്രാമപഞ്ചായത്തിൽ ആരംഭിക്കും. ഇളംദേശം ബ്ലോക് പഞ്ചായത്ത് ഹാളിലാണ് സദസ്സ് സംഘടിപ്പിക്കുന്നത്. പഞ്ചായത്തിന്റെ ഭാവിവികസന പരിപാടികൾ സംബന്ധിച്ച തുറന്ന ചർച്ചയാണ് പ്രധാന പരിപാടി.

✪✪✪

അട്ടപ്പാടിയിൽ ബൈക്കിൽ വീട്ടിലേക്ക് പോകുന്നതിനിടെ കാട്ടാന ആക്രമണത്തിൽ ക്ഷീര കർഷകൻ മരിച്ചു. പുതുർ, തേക്കുവട്ട സ്വദേശി ശാന്തകുമാർ ആണ് മരിച്ചത്. മുള്ളി - താവളം റോഡിൽ പഴത്തോട്ടത്തിന് സമീപം ഇന്നലെ സന്ധ്യക്കായിരുന്നു സംഭവം.

✪✪✪

സ്വകാര്യ ഭൂമിയിൽ മരത്തൈകൾ നടുന്നവർക്ക് 15 വർഷം വരെ സാമ്പത്തിക സഹായം നൽകുന്ന ട്രീ ബാങ്ക് പദ്ധതിക്ക് വനം വകുപ്പ് തുടക്കമിട്ടു. കാലാവധി പൂർത്തിയായ ശേഷം സ്ഥലം ഉടമയ്ക്ക് മരങ്ങൾ മുറിച്ചെടുക്കാൻ അനുവാദം നൽകും.

✪✪✪

K-ഡിസ്കും കിലയും ചേർന്ന് നടപ്പാക്കുന്ന 'ഒരു പഞ്ചായത്തിനു ഒരു ആശയം' പദ്ധതിയുടെ ഭാഗമായ ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്റർ രൂപീകരണത്തിന് കൊല്ലം TKM എൻജിനീയറിംഗ് കോളജും മുഖത്തല ബ്ലോക്ക് പഞ്ചായത്തും ഒപ്പുവെച്ചു. പദ്ധതിക്ക് ധനസഹായവും പ്രാദേശിക ഏകോപനവും ബ്ലോക്ക് പഞ്ചായത്ത് നൽകും. പദ്ധതി റിപ്പോർട്ടും മറ്റ് പഠനങ്ങളും എഞ്ചിനിയറിംഗ് കോളജ് തയ്യാറാക്കും.

✪✪✪

ഹജ്ജ് ട്രെയിനർമാരാകുന്നതിന് കേന്ദ്ര ഹജ്ജ് കമ്മിറ്റി അപേക്ഷ ക്ഷണിച്ചു. ഇന്ന് മുതൽ ഈ മാസം 20 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

✪✪✪

ദേശീയപാതാ നിർമ്മാണ ജോലികൾ പൂർത്തിയായാൽ ട്രെയിനുകളിലെ തിരക്ക് നിയന്ത്രിക്കാൻ കഴിയുമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K ബൈജുനാഥ് വിലയിരുത്തി. പരശുറാം എക്സ്പ്രസ്സിലടക്കം അനുഭവപ്പെടുന്ന അനിയന്ത്രിതമായ തിരക്കിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് കമ്മീഷന്റെ നിരീക്ഷണം.

✪✪✪

കണ്ണൂർ - തിരുവനന്തപുരം ജനശതാബ്ദി എക്സ്പ്രസിന് ചങ്ങനാശ്ശേരിയിൽ സ്റ്റോപ്പ് അനുവദിച്ചു. തിരുവനന്തപുരത്ത് നിന്ന് പുറപ്പെടുന്ന ട്രെയിൻ മറ്റന്നാൾ മുതലും കണ്ണൂരിൽ നിന്ന് പുറപ്പെടുന്ന ട്രെയിൻ ഈ മാസം പത്തു മുതലും ചങ്ങനാശ്ശേരിയിൽ നിർത്തുമെന്ന് റെയിൽവേ അറിയിച്ചു. ഒരു മിനിറ്റാണ് സ്റ്റോപ്പ്.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: നിമിഷ ജി*
*DEO: സി കെ സുബോധ്*